കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - മാന്നാർ ഗ്രാമ പഞ്ചായത്ത് ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 33, - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം. 2713/12/തസ്വഭവ. തിരുവനന്തപുരം, തീയതി:27.9.12.

---

പരാമർശം:
1. മാന്നാർ ഗ്രാമപഞ്ചായത്തിന്റെ 5.3.12-ലെ മീറ്റിംഗിലെ V (7)-ാം നമ്പർ തീരുമാനം.
2. ആലപ്പുഴ ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതിയുടെ 27.3.12-ലെ യോഗത്തിലെ III (ii) -ാം നമ്പർ തീരുമാനം.
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആലപ്പുഴയുടെ E6-5680/12-ാം നമ്പർ കത്ത്.
4. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ 18.8.12-ലെ LF/11891/PT1/12-ാം നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് ഖണ്ഡിക 33-ലെ പരാമർശത്തിന് സർക്കാർ സാധൂകരണം നൽകണമെന്ന് ഗ്രാമപഞ്ചായത്തിന്റെ പരാമർശം ഒന്നിലെ തീരുമാനത്തിന്റെയും ജില്ലാതല ആഡിറ്റ് മോണിട്ടറിംഗ് സമിതിയുടെ പരാമർശം രണ്ടിലെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ പരാമർശം മൂന്നിലെ കത്ത് പ്രകാരം സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സാധൂകരണം നല്കാവുന്നതാണെന്ന് പരാമർശം (4) -ലെ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 33 പ്രകാരം തടസ്സപ്പെടുത്തിയ നടപടി ക്രമങ്ങൾ പാലിക്കാതെ കളപ്പുരയിൽ മുക്കാത്താരി റോഡ് പുനരുദ്ധാരണ വേലയ്ക്കായി 4533 രൂപ ചെലവഴിച്ച മാന്നാർ ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (LBA&A), കേരളം, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, മാന്നാർ ഗ്രാമപഞ്ചായത്ത്.
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.